മൊക്കെ ചെയ്തു. സ്റ്റാറ്റ്യൂട്ടറി ബോണസ് മാത്രമേ കൊടുക്കുകയുള്ളൂ വെന്നാണ് മാനേജുമെൻറിന്റെ അഭിപ്രായം. സെൻട്രൽ ഗവൺമെൻറിന്റെ വനത്തിനെ സംബന്ധിച്ചുള്ള നിയമം നിലവിലുള്ളതുകൊണ്ട് അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുന്നില്ലെന്ന് മാനേജ്മെൻറിന് ഒരു കേസുണ്ട്. അതിന്റെ കാര്യവും എല്ലാംകൂടി പരിഗണിച്ചശേഷമേ ശബള വർദ്ധനവ് സംബന്ധിച്ച പുതിയ തീരുമാനത്തിൽ എത്താൻ കഴിയുകയുള്ളൂ എന്ന് അവർ നിർബന്ധം പിടിച്ചിരിക്കുകയാണ്. തൊഴിലാളി യൂണിയനുകളെ സംബന്ധിച്ചിടത്തോളം വേതനം പരിഷ്കരിക്കണമെന്ന വാദം അവർക്കുമുണ്ട്. ഇത്തരം പരിതഃസ്ഥിതിയിൽ എന്തെല്ലാം സെറ്റിൽമെൻറുണ്ടാക്കാൻ കഴിയുമോ അതെല്ലാം ചെയ്യാൻ ഗവൺമെൻറ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റു കാര്യങ്ങളുടെയും വിവിധ വശങ്ങളെ സംബന്ധിച്ച് എന്തും ചെയ്യണമെന്നുള്ളത് ഗവൺമെൻറിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

8. തെക്കൻ യമനിലെ ആഭ്യന്തര കലാപത്തിൽ മരിച്ച മലയാളികൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, തെക്കൻ യമനിലെ ആഭ്യന്തര കുഴപ്പത്തിന്റെ ഫലമായി കുറെ മലയാളിതൊഴിലാളികൾ മരണപ്പെട്ട ദാരുണമായ സംഭവം സഭയുടെ ശ്രദ്ധയിലും മുഖ്യമന്ത്രിയുടെ ശ്രദ്ധയിലും അതുവഴി കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിലുംപെടുത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിലെ ആയിരക്കണക്കിന് പാവപ്പെട്ട തൊഴിലാളികൾ മധ്യ പൂർവ്വദേശത്തുള്ള വിവിധ രാജ്യങ്ങളിൽ ജോലിക്ക് പോയിട്ടുണ്ട്. യമൻ, സൗദിഅറേബ്യ തുടങ്ങിയ പല രാജ്യങ്ങളിലും പോയിട്ടുണ്ട്. അവിടെയുള്ള ഇൻഡ്യൻ എംബസിയിൽനിന്ന് വേണ്ടത്ര സഹായം ലഭിക്കാത്തതുകൊണ്ട് പലർക്കും ജീവഹാനിതന്നെ സംഭവിക്കുന്നുണ്ട്. ഇൻഡ്യൻ എംബസി കൃത്യമായി ഇടപെട്ടിരുന്നുവെങ്കിൽ ഈ ആഭ്യന്തര കുഴപ്പത്തിൽപ്പെട്ട പാവപ്പെട്ട ആളുകളെ സഹായിക്കാൻ കഴിയുമായിരുന്നു എന്നാണ് മരണപ്പെട്ട ഒരാളുടെ വീട്ടിൽ പോയപ്പോൾ അയാളുടെ ബന്ധുക്കൾതന്നെ എന്നോടു പറഞ്ഞത്. അവർ പറഞ്ഞുള്ള അറിവേ എനിക്കുള്ളൂ. പതിനായിരം രൂപയോളം എൻ. ഒ. സി. ക്ക് കൊടുത്തിട്ടാണ് ഈ പാവപ്പെട്ട ആളുകൾ വിദേശത്ത് എത്തുന്നത്. ഈ പാവപ്പെട്ട കുടുംബങ്ങളെല്ലാം വഴിയാധാരമായിരിക്കുകയാണ്. എന്റെ മണ്ഡലത്തിലുമുണ്ട് ഒരു സംഭവം. ഞാൻ അവിടെ പോയി. വാസ്തവത്തിൽ നിത്യ പട്ടിണിയിലും നിത്യ ദുഃഖത്തിലും ആ കുടുംബം കഴിയുകയാണ്. അതുകൊണ്ട് അവരെ സഹായിക്കാൻ ആവശ്യമായ നടപടി നമ്മുടെ ഗവൺമെൻറ് സ്വീകരിക്കണം. കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ട് വിദേശ രാഷ്ട്രങ്ങളിൽനിന്ന് കിട്ടാവുന്ന ധനസഹായം നിർബന്ധമായും വാങ്ങിക്കൊടുക്കണം. അതിനാവശ്യമായ മനുഷ്യത്വപരമായ സമീപനം മുഖ്യമന്ത്രിയിൽനിന്നുണ്ടാവുമെന്ന് വിശ്വസിക്കുന്നു. ഈശ്വരകോപനാണ് ഈ അദ്ദേഹം. അതുകൊണ്ട് ഇക്കാര്യത്തിൽ ഈശ്വര കാരുണ്യം തോന്നണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തെക്കൻ യമനിലുണ്ടായ സംഘർഷത്തെത്തുടർന്ന് പതിനൊന്ന് തൊഴിലാളികൾ മരിച്ചതായാണ് ഇൻഡ്യാ ഗവൺമെൻറ് അറിയിച്ചത്. ഈ വിവരം

11 a. m.

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയ ഉടൻതന്നെ സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ സമീപിച്ച്, അവരുടെ ശവശരീരങ്ങളും ഇൻഡ്യയിലെത്തിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഇൻഡ്യാ ഗവൺമെൻറിനോട് ആവശ്യപ്പെട്ടു. ഇൻഡ്യാ ഗവൺമെൻറ് യമൻ ഗവൺമെൻറുമായിട്ട് കൂടിയാലോചന നടത്തുകയാണ്. അതിനുള്ള തുക നിശ്ചയിക്കുന്നതിനുള്ള നടപടി ഇൻഡ്യാ ഗവൺമെൻറ് സ്വീകരിച്ചു കഴിഞ്ഞു. ബാക്കി നടപടികളും സ്വീകരിക്കുന്നതായിട്ടാണറിയുന്നത്.

9. ആയൂരിലെ ജീപ്പപകടം

ശ്രീ. വി. സുരേന്ദ്രപിള്ള : സർ, കഴിഞ്ഞ ഞായറാഴ്ച ആയൂർ-കൊല്ലം ലൈനിൽ ഒരു ജീപ്പും ഒരു സ്വകാര്യബസും കൂട്ടിയിടിക്കുകയും ആറുപേർ സംഭവസ്ഥലത്തുവച്ച് മരിക്കുകയും മറ്റ് ആറുപേർ ഗുരുതരമായ പരിക്കുകളോടെ മെഡിക്കൽ കോളേജിലും മറ്റാശുപത്രികളിലുമൊക്കെ കഴിയുകയാണ്. ഈ റൂട്ടിൽ അപകട മരണങ്ങളും ഉണ്ടാകുന്നത് ഇതാദ്യമായിട്ടല്ല. ബസ്സും അപകടമുണ്ടാക്കുന്ന കാര്യത്തിൽ ഒട്ടും പിന്നോക്കമല്ല. കഴിഞ്ഞ രണ്ടാഴ്ചക്കുമുമ്പ് ഇതേ ബസ്സും ഇതേ ഡ്രൈവറും ഈ റൂട്ടിൽ ഓടികൊണ്ടിരിക്കുമ്പോൾ കുളത്തുപ്പുഴയിൽ നെടുവണ്ടൂർക്കടവ് എന്ന സ്ഥലത്തുവച്ച് അന്നമ്മ എന്ന 50 വയസ് പ്രായമുള്ള ഒരു സ്ത്രീയെ ഇടിച്ചു. അവർ അവിടെവച്ചുതന്നെ മരിച്ചു. അതിനുശേഷം രണ്ടാഴ്ച പിന്നിട്ടപ്പോഴാണ് ഈ ബസും ഈ ഡ്രൈവറും വീണ്ടും ആറു കുടുംബങ്ങളെ തകർത്തത്. ഇങ്ങനെ ഒരു സ്ഥിതിവിശേഷം അവിടെയൊക്കെ ഉണ്ടായിട്ടും ഈ നിമിഷംവരെയും ആ കുടുംബങ്ങളിൽച്ചെന്ന് അവരെ ആശ്വസിപ്പിക്കാനോ അല്ലെങ്കിൽ അവർക്ക് വേണ്ടുന്ന മതിയായ സാമ്പത്തിക സഹായം നൽകുന്നതിനോ കഴിഞ്ഞിട്ടില്ല. ആ കുടുംബങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. പരിക്കുപറ്റിയ ആറാളുകളും മെഡിക്കൽ കോളേജിലും മറ്റു ആശുപത്രികളിലും കിടക്കുകയാണ്. ഒരു കുടുംബത്തിൻറെ നട്ടെല്ലായി പ്രവർത്തിക്കുന്ന കുടുംബനാഥനും ആറുപേരും ഒരു നിമിഷം കൊണ്ട് മരിക്കുന്ന സ്ഥിതി ഇനി മേലാൽ ഉണ്ടാകാതിരിക്കുവാനും മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക്, സാധാരണ ഗതിയിൽ ഒരാൾ മരിച്ചാൽ കൊടുക്കുന്ന ധനസഹായത്തിനുപരിയായി പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് കൂടുതൽ സഹായം കൊടുക്കാനും നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, 16-ാം തീയതിയുണ്ടായ ദാരുണമായ സംഭവത്തിൽ ഗവൺമെൻറിന് അത്യധികമായ ദുഃഖമുണ്ട്. ആറുപേരുടെ മരണത്തിനിടയാക്കിയ ഈ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദമായി പറയുകയുണ്ടായി. ലൈൻ ബസ്സുകളും ഓടിക്കുന്ന സ്ഥലങ്ങളിലും നാഷണൽ ഹൈവേയിൽപ്പോലും ട്രക്കറുകളും ജീപ്പുകളും വളരെയധികം ആളുകളെ കയറ്റി സഞ്ചരിക്കുന്ന ഫ്ലർപ്പാട് ഇപ്പോഴും പല സ്ഥലങ്ങളിലും ഉണ്ട്. അടുത്തകാലത്തായി ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള ട്രാഫിക് നിയന്ത്രണത്തിൻറെ പരിധിയിൽ ഇത് കൊണ്ടുവരികയും ഇത് അവസാനിപ്പിക്കുന്നതിനുള്ള നടപടികളും മിക്കവാറും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും അതിനെ മറികടന്നു പോകുന്ന സന്ദർഭങ്ങളിലാണ് പലപ്പോഴും അപകടങ്ങളുണ്ടാകുന്നത്. ഈ അടുത്തകാലത്തായി സ്വീകരിച്ചിട്ടുള്ള നടപടികൾകൊണ്ട് വളരെയധികം റോഡപകടങ്ങളും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും കർശനമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly